# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പാവറട്ടി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2024-2025

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം**

**തൃശ്ശൂർ - 680020**

**ഇ-മെയിൽ: dotsr.ksad@kerala.gov.in**

**ഫോൺ : 0487-2331249**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ് .എ .ടി.എസ്. ആർ. (പി13)98/2026

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 06/03/2026
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പാവറട്ടി ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : പാവറട്ടി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പാവറട്ടി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-

പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ് .എ .ടി.എസ്. ആർ. (പി13)98/2026

തീയ്യതി: 06/03/2026

## തൃശ്ശൂർ ജില്ലയിലെ പാവറട്ടി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ പാവറട്ടി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-10-2024 മുതൽ 20-01-2026 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2024 മുതൽ 31-03-2025 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 29-01-2026 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| റഫി ജോൺ | ഡെപ്യൂട്ടി ഡയറക്ടർ | 22-01-2026 | 29-01-2026 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 22-01-2026 | 29-01-2026 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ.ബേബി പി.വി.,ഓഡിറ്റ് ഓഫീസർ (ഹയർ ഗ്രേഡ് )

ശ്രീമതി മീര ടി, ഓഡിറ്റ് ഓഫീസർ

ശ്രീമതി ജോയ്സൻ സി.ജെ., സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി അനീറ്റ ഡൊമിനിക്, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി ഷീഗ സി.കെ., ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| റെജീന എം.എം. | പ്രസിഡന്റ് | 01-04-2024 | 31-03-2025 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഷിപ്പുദാസ് കെ. | സെക്രട്ടറി | 01-04-2024 | 31-03-2025 |
| മേരി ഡീന വി.വി. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2024 | 10-09-2024 |
| മൻസൂർ വി.എ. | അസിസ്റ്റന്റ് സെക്രട്ടറി | 11-09-2024 | 30-09-2024 |
| ജിൻസി ടി.ഐ. | അസിസ്റ്റന്റ് സെക്രട്ടറി | 01-10-2024 | 26-01-2025 |
| ബൈജു എം.സി. | അസിസ്റ്റന്റ് സെക്രട്ടറി | 27-01-2025 | 31-03-2025 |
| ജെസ്സി ടി.ജെ. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2024 | 31-03-2025 |
| നിമിഷ എ.എം. | കൃഷി ഓഫീസർ | 01-04-2024 | 31-03-2025 |
| ഡോ. ലിംസൺ ജോസ് | മെഡിക്കൽ ഓഫീസർ പി.എച്ച്.സി. | 01-04-2024 | 31-03-2025 |

| | | | |
|---|---|---|---|
| | (അലോപ്പതി) | | |
| ഡോ. ജിസ റോസ് ഒ ജോബ് | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2024 | 31-03-2025 |
| ഡോ. വിനോദ് കുമാർ ടി.ജി. | വെറ്ററിനറി സർജൻ | 01-04-2024 | 31-03-2025 |
| മീന പി.എസ്. | ഹെഡ്മിസ്ട്രസ്, ഗവൺമെന്റ് യു.പി. സ്കൂൾ | 01-04-2024 | 31-03-2025 |
| രശ്മി പി.ആർ. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2024 | 31-03-2025 |
| ടോണി ജോസഫ് എ എഫ് | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2024 | 31-03-2025 |
| അൻസു അലക്സ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (വെമ്മേനാട് സർക്കിൾ) | 01-04-2024 | 31-03-2025 |
| മിലി ടി.പി. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (പാവറട്ടി സർക്കിൾ) | 01-04-2024 | 31-03-2025 |
| മോനിഷ എം.എം. | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2024 | 31-03-2025 |

# ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ലോൺ രജിസ്റ്റർ പ്രകാരമുള്ള തിരിച്ചടവ് തുക കൃത്യമല്ല | 1-1-1 |
| 3 | വികസനഫണ്ട് (പൊതുവിഭാഗം) ഗ്രാന്റുകളുടെ വാർഷിക ധനകാര്യപത്രികയിലെ ചെലവു തുക സുലേഖ പത്രികയിലെ ചെലവു തുകയുമായി പൊരുത്തപ്പെടുന്നില്ല. | 1-1-2 |
| 4 | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 ലെ തുകകളും ബി17 ലെ തുകകളും പൊരുത്തപ്പെടുന്നില്ല | 1-1-3 |
| 5 | 320100160-Rural Housing For All എന്ന ശീർഷകത്തിലെ നീക്കിയിരിപ്പ് തുക കൃത്യമല്ല | 1-1-4 |
| 6 | വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല | 1-1-5 |
| 7 | അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-6 |
| 8 | ബാങ്ക് റീകൺസിലിയേഷൻ പത്രിക കൃത്യമല്ല | 1-1-7 |
| 9 | എല്ലാ ജേണൽ വൗച്ചറുകൾക്കും, കൃത്യമായി സാക്ഷ്യപ്പെടുത്തിയ വൗച്ചറുകളും വർക്ക്ഷീറ്റുകളും ആധികാരികമാക്കി രേഖപ്പെടുത്തുന്നില്ല | 1-1-8 |
| 10 | വസ്തുനികുതി ഡിമാന്റ് തുക-സഞ്ചയയിലെയും ILGMS ലെയും ഡിമാന്റുകൾ പൊരുത്തപ്പെടുന്നില്ല | 1-1-9 |
| 11 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-1-10 |
| 12 | അഡ്വാൻസ് രജിസ്റ്റർ എഴുതി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിക്കുന്നില്ല | 1-1-11 |
| 13 | ബജറ്റ് | 1-2 |
| 14 | ഫണ്ട് വിനിയോഗം | 1-3 |
| 15 | പദ്ധതി അവലോകനം | 1-4 |
| 16 | തൊഴിലുറപ്പ് പദ്ധതി | 1-5 |
| 17 | ക്ഷേമ പദ്ധതികൾ | 1-6 |
| 18 | ക്യാഷ് ബാലൻസ് പരിശോധന | 1-7 |
| 19 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 20 | പാർപ്പിട ഉപയോഗക്രമത്തിൽ നിന്നും വാണിജ്യ ഉപയോഗ ക്രമത്തിലേക്ക് മാറ്റിയ വിസ്തീർണ്ണം ക്രമവൽക്കരിക്കേണ്ടതാണ് | 1-9 |
| 21 | മൊബൈൽ ടവറുകളിൽ നിന്നും വസ്തു നികുതി ഈടാക്കിയിട്ടില്ല | 1-10 |
| 22 | അനധികൃത നിർമ്മാണം ക്രമവൽക്കരിക്കേണ്ടതാണ് | 1-11 |

| | | |
|---|---|---|
| 23 | പഞ്ചായത്ത് പരിധിയിൽ മൊബൈൽ ടവറുകളുടെ അനധികൃത നിർമ്മാണം | 1-12 |
| 24 | UA നമ്പർ നൽകിയിട്ടുള്ള കെട്ടിടങ്ങളിൽ നിന്നും വസ്തു നികുതി ഈടാക്കിയിട്ടില്ല | 1-13 |
| 25 | പെർമിറ്റിൽ നിന്നും അധികമായി നിർമ്മിച്ച വിസ്തീർണ്ണം ക്രമവത്കരിക്കേണ്ടതാണ് | 1-14 |
| 26 | പദ്ധതി മാർഗരേഖയ്ക്ക് വിരുദ്ധമായി മുഴുവൻ ചെലവു തുകയും പ്ലാൻ ഫണ്ടിൽ നിന്നും ചെലവഴിച്ചു | 1-15 |
| 27 | ചെലവു രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല- 64,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-16 |
| 28 | ധനവിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. | 1-17 |
| 29 | മെൻസ്ട്രുവൽ കപ്പ് വിതരണം ചെയ്തില്ല | 1-18 |
| 30 | താൽക്കാലിക ജീവനക്കാരിയായ ഫാർമസിസ്റ്റിന്റെ നിയമന ഉത്തരവ്, ഭരണ സമിതി തീരുമാനം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല | 1-19 |
| 31 | സമേതം – സമഗ്ര വിദ്യാഭ്യാസ പരിപാടി - വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ല | 1-20 |
| 32 | വി.ഇ.ഒ.(പാവറട്ടി സർക്കിൾ) നിർവ്വഹണം നടത്തിയ പ്രൊജക്റ്റുകൾ- രേഖകൾ ഹാജരാക്കിയില്ല | 1-21 |
| 33 | ഭവനനിർമ്മാണം, വീട് വാസയോഗ്യമാക്കൽ എന്നിവ പൂർത്തീകരിച്ചിട്ടില്ല | 1-22 |
| 34 | ലൈഫ് ഭവനപദ്ധതി - 10,000 രൂപ അധികം നല്കിയത് നിരാകരിക്കുന്നു | 1-23 |
| 35 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 1-24 |
| 36 | വെന്മേനാട് പാർക്ക് നിലാപെയ്ത്ത് ടൂറിസം -KCZMA യ്ക്ക് സ്ക്രൂട്ടിണി ഫീസ് നല്കിയതിന്റെ തുടർ വിവരങ്ങൾ ലഭ്യമാക്കിയില്ല | 1-25 |
| 37 | പഞ്ചായത്ത് ഓഫീസിലേക്ക് പ്രൊജക്ടർ സ്റ്റാന്റ് വാങ്ങിയതിലെ അപാകം-5,000 രൂപയുടെ നഷ്ടം | 1-26 |
| 38 | തെരുവുവിളക്ക് പരിപാലനം - രേഖകൾ, രജിസ്റ്ററുകൾ എന്നിവ കൃത്യമായി സൂക്ഷിച്ചിട്ടില്ല | 1-27 |
| 39 | ഹെൽത്ത് ഗ്രാന്റ് അവലോകനം | 1-28 |
| 40 | വാഹന പാർക്കിംഗ് സൗകര്യം ഒരുക്കൽ- പദ്ധതി ലക്ഷ്യം കൈവരിച്ചില്ല | 1-29 |
| 41 | ജൽജീവൻ മിഷൻ പദ്ധതി - അവലോകനം | 1-30 |
| 42 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിഭാഗക്കാരുടെ വ്യക്തിഗത ആനുകൂല്യങ്ങൾ നൽകുന്നതിന് ശ്രദ്ധിക്കേണ്ടതാണ് | 1-31 |
| 43 | കേരളോത്സവം - അധിക തുക 13,500 രൂപ നല്കിയത് നിരാകരിക്കുന്നു | 1-32 |

| | | |
|---|---|---|
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| 1 | ലൈഫ് ഭവനപദ്ധതി - അധിക തുക 10,000 രൂപ നല്കിയത് നിരാകരിക്കുന്നു | 3-1 |
| 2 | കേരളോത്സവം - അധിക തുക 13,500 രൂപ നല്കിയത് നിരാകരിക്കുന്നു | 3-2 |
| 3 | പഞ്ചായത്ത് ഓഫീസിലേക്ക് പ്രൊജക്ടർ സ്റ്റാന്റ് വാങ്ങിയതിലെ അപാകം-5,000 രൂപയുടെ നഷ്ടം | 3-3 |
| **ഭാഗം 4** | | |
| 1 | മെഡിസെപ്പ് അവലോകനം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പ/ വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകൾ | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക കണക്കുകളുടെ സംക്ഷിപ്തം | |

# ഭാഗം –1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാ ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് പാവറട്ടി ഗ്രാമപഞ്ചായ 29.07.2025 ലെ 1 നമ്പർ തീരുമാനം പ്രകാരം തയ്യാറാക്കി 31.07.2025 തീയതിയി ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള പാവറട്ടി ഗ്രാമപഞ്ചായത്തിന്റെ മാർച്ച്, 2025 വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ് 31.03.2025 തീയതിവരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനക ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആ നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടു പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമാ വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡ് എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസ്

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അ അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ ന വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

### വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരി ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, പാവറട്ടി ഗ്രാമപഞ്ചായ വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറി നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

**സ്ഥലം : തൃശ്ശൂർ**

**തീയതി :06.03.26**

## 1-1-1 ലോൺ രജിസ്റ്റർ പ്രകാരമുള്ള തിരിച്ചടവ് തുക കൃത്യമല്ല

| | വാർഷിക ധനകാര്യ പത്രിക | രജിസ്റ്റർ പ്രകാരം | യഥാർത്ഥത്ത |
|---|---|---|---|
| മുന്നിരിപ്പ് | 3016264 | 3016264 | 3016264 |
| വരവ് | 2309881 | 2309881 | 2209881(ബാങ്ക് |
| ലോണ് തിരിച്ചടവ് | 962939 | 962939 | 962939 |
| ലോൺ അക്കൗണ്ടിൽ തിരിച്ചടക്കുന്നതിനുള്ള തുക | 4363206 | 4363206 | 4263206 |

## 1-1-2 വികസനഫണ്ട് (പൊതുവിഭാഗം) ഗ്രാന്റുകളുടെ വാർഷിക ധനകാര്യപത്രികയിലെ സുലേഖ പത്രികയിലെ ചെലവു തുകയുമായി പൊരുത്തപ്പെടുന്നില്ല.

| ഫണ്ടിനം | വാർഷിക ധനകാര്യപത്രിക | സുലേഖ പത്രിക | വ്യത്യ |
|---|---|---|---|
| വികസനഫണ്ട് (പൊതുവിഭാഗം) | 15,522,474 | 15,021,382 | 50109 |

## 1-1-3 ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 ലെ തുകകളും ബി17 ലെ തുകകളും പൊരുത്ത

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 / ബി -2 പ്രകാരം പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകൾ,ഗുണഭോക്തൃവിഹിതം ചെലവഴിക്കാൻ 31/3/25 ൽ ബാക്കിയുള്ള തുകയും ഈയാവശ്യത്തിനായി തുടങ്ങിയിട്ടുള്ള ബാങ്ക് അക്കൌണ്ട് നീക്കിയിരിപ്പ് തുകകളും തുല്യമാകേണ്ടതുണ്ട്.അപ്രകാരം തുല്യമാകാത്തവയുടെ വിവരങ്ങൾ ചേർക്കുന്നു.

| | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 | | | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -17 | | |
|---|---|---|---|---|---|---|
| ക്രമനമ്പർ | ശീർഷകം | ഇനം | തുക | ശീർഷകം | ബാങ്ക് അക്കൌണ്ട് | തുക |
| 1 | 320200104 | Development Fund - Central Finance Commission Grant - Basic Tax Grant | 1814777 | 450210101 | FEDERAL (CFC-PFMS)-( 16980100065411PFMS) | 8526589 |
| | 320200113 | Development Fund - Central Finance Commission Grant -Tied Fund | 6105510<br>ആകെ : 7920287 | | | |

## 1-1-4 320100160-Rural Housing For All എന്ന ശീർഷകത്തിലെ നീക്കിയിരിപ്പ് തുക കൃ

320100160-Rural Housing For All എന്ന ശീർഷകത്തിലെ നീക്കിയിരിപ്പ് തുക -5,80,000/- ശീർഷകത്തിലെ മുന്നിരിപ്പ് പൂജ്യം ആണ്. 2023-24 സാമ്പത്തിക വർഷം വ Grants,Funds&Contributions For Specific Purposes-Other Govt Agencies എന്ന ശീർഷക സ്റ്റേറ്റ് ഷെയർ നീക്കിയിരിപ്പ് രേഖപ്പെടുത്തിയിരുന്നത്. 320300199 -Grants,Funds&Contribut Purposes-Other Govt Agencies എന്ന ശീർഷകത്തിലെ 31.03.2024 ലെ നീക്കിയിരിപ്പ് തുക 8,

320100160-Rural Housing For All എന്ന ശീർഷകത്തിൽ മുന്നിരിപ്പായെടുത്താൽ(320300199 -
തുക 8,34,363/-) വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തേണ്ട തുക താഴെ ചേർക്കുന്നു.

| ശീർഷകം | മുന്നിരിപ്പ് | വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| 320100160-Rural Housing For All | 8,34,363 | 16,00,000 | 20,80,000 | 3,54,363 |

## 1-1-5 വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെ

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2024-25 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖ 2801152/- രൂപയാണ്.എന്നാൽ ഇതെ പത്രികയിൽ 2024-25 കാലയളവിൽ "Net Cash Generated By Operatin Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 586238/- രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർ തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

## 1-1-6 അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.(കേരള പഞ്ചായത്ത് രാജ് അക്കൌ 2011,ചട്ടം 62 (എഫ്))

## 1-1-7 ബാങ്ക് റീകൺസിലിയേഷൻ പത്രിക കൃത്യമല്ല

എ) ചുവടെ ചേർത്തിരിക്കുന്ന ബാങ്ക് അക്കൗണ്ടുകളുടെ 31.03.2025 തീയതിയിലെ റീകൺസിലിയേഷൻ പത്രിക പ്ര ബാലൻസും യഥാർത്ഥ പാസ്ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പും വ്യത്യാസപ്പെട്ടിരിക്കുന്നു.

| ക്രമ നമ്പർ | ബാങ്ക് അക്കൗണ്ട് | റീകൺസിലിയേഷൻ പത്രിക പ്രകാരമുള്ള പാസ്ബുക്ക് ബാലൻസ് | പാസ്ബുക്ക് പ്രകാരമുള്ള യഥാർത്ഥ നീക്കിയിരിപ്പ് |
|---|---|---|---|
| 1 | UBI(Literacy)-(565102010018515) | 0 | 1573 |

ബി) ചുവടെ ചേർത്തിരിക്കുന്ന ബാങ്ക് അക്കൗണ്ടുകളുടെ 31.03.2025 തീയതിയിലെ റീകൺസിലിയേഷൻ പത്രിക പ്ര ബാലൻസും ബാങ്ക് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പും വ്യത്യാസപ്പെട്ടിരിക്കുന്നു.

| ക്രമ നമ്പർ | ബാങ്ക് അക്കൗണ്ട് | റീകൺസിലിയേഷൻ പത്രിക പ്രകാരമുള്ള ബാങ്ക് ബുക്ക് ബാലൻസ് | റീകൺസിലിയേഷൻ പത്രിക പ്രകാരമുള്ള പാസ്ബുക്ക് ബാലൻസ് |
|---|---|---|---|
| 1 | സബ് ട്രഷറി-ചാവക്കാട് 799013000000303 | 4,00,000 | 0.50 |
| 2 | യൂണിയൻ ബാങ്ക് ഇന്ത്യ | 13331647 | 14112418 |

## 1-1-8 എല്ലാ ജേണൽ വൗച്ചറുകൾക്കും, കൃത്യമായി സാക്ഷ്യപ്പെടുത്തിയ വൗച്ചറുകളും വ ആധികാരികമാക്കി രേഖപ്പെടുത്തുന്നില്ല

പണവുമായോ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായോ ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽ ബുക്കിൽ രേഖപ്പെടുത്തേ അക്കൗണ്ട്സ് റൂൾസ്, 2011, റൂൾ 7). എല്ലാ ജേണൽ വൗച്ചറുകൾക്കും, കൃത്യമായി സാക്ഷ്യപ്പെടുത്തിയ വൗച്ച ആധികാരികമാക്കുകയും രേഖപ്പെടുത്തുകയും വേണം. നിലവിൽ, അത്തരം നിയന്ത്രണം ഇല്ല, കൂടാതെ അതി എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും, ഡിസിബി രജിസ്റ്ററിൽ (സഞ്ചയ സോഫ്റ്റ്‌വെയർ അനുസരിച്ച്) വസ്ത കുടിശ്ശിക, അഡ്വാൻസുകൾ, കുടിശ്ശിക ഡിമാൻഡുകൾ, കുടിശ്ശിക പിരിവുകൾ, കുടിശ്ശിക ബാലൻസുകൾ, അഡ്വാൻസ് എന്നിവയുമായി ബന്ധപ്പെട്ട തുകകൾ എഴുതിത്തള്ളൽ, ക്രമീകരിക്കൽ അല്ലെങ്കിൽ സ്വമേധയാ ഒത്തുതീർപ്പാക്കൽ എൻട്രികൾ വൗച്ചറുകൾ രേഖപ്പെടുത്താതെയാണ് നടത്തുന്നത്. എല്ലാ ജേണൽ വൗച്ചറുകൾക്കും, കൃത്യമായി സാക്ഷ്യ വർക്ക്ഷീറ്റുകളും ആധികാരികമാക്കുകയും രേഖപ്പെടുത്തുകയും വേണം.

## 1-1-9 വസ്തുനികുതി ഡിമാന്റ് തുക-സഞ്ചയയിലെയും ILGMS ലെയും ഡിമാന്റുകൾ പൊരു

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "ILGMS ലെ ഫിനാൻസ് മൊഡ്യൂൾ"ൽ ഡിമാന്റ് ആയി ചേർക്കുന്നത്. രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "ILGMS എന്ന ERP യിലെ ഫിനാൻസ് മൊഡ്യൂൾ" ഉപയോഗിച്ച കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പേ ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രിക ഡിമാന്റ്,കളക്ഷൻ,നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ച തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സം ലെ ഫിനാൻസ് മൊഡ്യൂൾ" -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. വാർഷികകണക്കുകളും , ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ട

**2.1കുടിശ്ശിക**

2.1.1റെസിഡൻഷ്യൽ

| | ഡിമാൻഡ് |
|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 277770 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം * | 295471 (2023-24 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

2.1.2 നോൺ റെസിഡൻഷ്യൽ

| | ഡിമാൻഡ് |
|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 337536 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം * | 502500 (2023-24 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

## 1-1-10 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃക തയ്യാറാക്കുന്നത്.

## 1-1-11 അഡ്വാൻസ് രജിസ്റ്റർ എഴുതി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിക്കുന്നില്ല

അഡ്വാൻസ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ബി18 പ്രകാരമുള്ള എല്ലാ ശീർഷകങ്ങളിലെയും ബാലൻസ് തു പരിശോധിക്കാൻ സാധിച്ചിട്ടില്ല.

## 1-2 ബജറ്റ്

ഗ്രാമ പഞ്ചായത്തിന്റെ ബജറ്റ് 08.02.2024 തിയ്യതിയിലെ 1(1)-ാം നമ്പർ കമ്മിറ്റി തീരുമാന പ്രക ,റിവൈസ്ഡ് ബജറ്റ് 25.03.2025 തിയ്യതിയിലെ 1(1)-ാം നമ്പർകമ്മിറ്റി തീരുമാന പ്രകാരവും അം

| ഇന വിവരം | മുൻബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരി |
| --- | --- | --- | --- | --- | --- |
| ബജറ്റ് | 3,75,69,386 | 18,92,34,325 | 22,68,03,711 | 21,66,98,320 | 1,01,05,391 |
| റിവൈസ്ഡ് ബജറ്റ് | 1,02,50,428 | 27,52,52,120 | 28,55,02,548 | 28,21,38,060 | 33,64,488 |

**1-3 ഫണ്ട് വിനിയോഗം**

| **ഫണ്ടിനം** | **ഒ.ബി** | **വരവ്** | **ആകെ** | **ചെലവ്** | **സി.ബി** |
| --- | --- | --- | --- | --- | --- |
| **1.** വികസന ഫണ്ട്-ജനറൽ (ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) | 0 | 15636000 | 15636000 | 15522474 | 113526 |
| **2.** വികസന ഫണ്ട്-എസ്.സി.പി (ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) | 0 | 3466000 | 3466000 | 3466000 | 0 |
| **3.** വികസന ഫണ്ട്-ടി.എസ്.പി (ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) | 0 | 0 | 0 | 0 | 0 |
| **4.** മെയിന്റനൻസ്, റോഡ് (ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) | 0 | 9290000 | 9290000 | 8827969 | 462031 |
| **5.** മെയിന്റനൻസ്, | 0 | 4810000 | 4810000 | 4415852 | 394148 |

| | | | | | |
|---|---|---|---|---|---|
| നോൺ-റോഡ് (ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) | | | | | |
| **6.** സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് പ്രത്യേക ഉദ്ദേശ ഗ്രാന്റ് (ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) | 2926492 | 5677500 | 8603992 | 2498482 | 6105510 |
| പെർഫോമൻസ് ഗ്രാൻ്റ് | | 1291696 | 1291696 | 1291696 | |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - അടിസ്ഥാന വിഹിതം (ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) | 2001187 | 2930277 | 4931464 | 3116687 | 1814777 |
| ഹെൽത്ത് ഗ്രാന്റ് ഡയഗണോസ്റ്റിക് ഇൻഫ്രാസ്ട്ക്ചർ | 706895 | 347500 | 1054395 | 692817 | 361578 |
| ഹെൽത്ത് ഗ്രാന്റ് ഹെൽത്ത് ആന്റ് വെൽനസ്സ് | 354002 | 569503 | 923505 | 347378 | 566748 |
| TSC | 0 | 360000 | 360000 | 0 | 360000 |
| ICDS | 1314687 | 1154509 | 2469196 | 743222 | 1725974 |
| ലൈഫ് സ്റ്റേറ്റ് ഷെയർ | 0 | 1500000 | 1500000 | 2080000 | -580000 |
| Grants, Funds & Contribution For Specific Purpose -Other Govenment Agencis | 834363 | 2080000 | 2914363 | 2080000 | 834363 |

## 1-4 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചവ (എണ്ണം) | അടങ്കൽ (തുക) | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കിയ പദ്ധതിത്തുകയുടെ ശതമാനം | നടപ്പാക്കിയ പ്രൊജക്റ്റുകളുടെ എണ്ണത്തിന്റെ ശതമാനം |
|---|---|---|---|---|---|
| 234 | 11,09,79,150 | 152 | 5,91,37,880 | 53.29% | 64.95% |

## 1-5 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരു |
|---|---|---|---|---|---|
| ഭരണചെലവുകൾ | 0 | 1225529 | 1225529 | 1225529 | 0 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 10839108 | 10839108 | 10839108 | 0 |
| മെറ്റിരീയൽ കോസ്റ്റ് | 0 | 3244995 | 3244995 | 3244995 | 0 |
| ആകെ | 0 | 15309632 | 15309632 | 15309632 | 0 |

## 1-6 ക്ഷേമ പദ്ധതികൾ

| പദ്ധതിയുടെ പേര് | ചെലവു തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 0 | 0 |
| കർഷക തൊഴിലാളി പെൻഷൻ | 6,57,600 | 36 |
| വിധവാ പെൻഷൻ | 122,27,500 | 810 |
| വാർദ്ധക്യകാല പെൻഷൻ | 2,52,70,700 | 1807 |
| വികലാംഗ പെൻഷൻ | 38,00,600 | 248 |
| 50 വയസ്സിന് മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 11,09,600 | 68 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 60,000 | 2 |

## 1-7 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലന 27.01.2026 തീയതിയിൽ 3:30 PM ന് പഞ്ചായത്തിലെ അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ ( പരിശോധനയിൽ 13,486 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണം

.ആഭ്യന്തര നിയന്ത്രണത്തിലെ പോരായ്മകൾ ഓഡിറ്റ് നിരീക്ഷണങ്ങൾ ആയി ഭാഗം 1 ൽ പ്രതിഫ

## 1-9 പാർപ്പിട ഉപയോഗക്രമത്തിൽ നിന്നും വാണിജ്യ ഉപയോഗ ക്രമത്തിലേക്ക് മാറ്റിയ ക്രമവൽക്കരിക്കേണ്ടതാണ്

ഫയൽ നമ്പർ 4283/2024 പരിശോധിച്ചതിൻ പ്രകാരം സെന്റ്.ജോസഫ്സ് ചർച്ച്, വികാ എന്നിവരുടെ ഉടമസ്ഥതയിലുള്ള 1335 ച.മീ വിസ്തീർണ്ണം ഉള്ള ഭൂമിയിൽ (സർവ്വേ നമ്പർ 131/1, ചാവക്കാട് താലൂക്ക്) വാണിജ്യം/പാർപ്പിടം ഉപയോഗക്രമത്തിലുള്ള കെട്ടിടം നിർ A2/BA(80690)/2022 തീയതി 4.03.2022 നമ്പർ പ്രകാരം പെർമിറ്റ് അനുവദിക്കുകയും, ആ 8.08.2024 ൽ തീയതിയിൽ കംപ്ലീഷൻ റിപ്പോർട്ട് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

**പെർമിറ്റ് പ്രകാരമുള്ള വിസ്തീർണ്ണം**

ആകെ വിസ്തീർണ്ണം : 1589.84 ച.മീ

പാർപ്പിട ഉപയോഗക്രമം : 277.94 ച.മീ

വാണിജ്യ ഉപയോഗക്രമം :1311.9 ച.മീ

**കംപ്ലീഷൻ പ്ലാൻ പ്രകാരമുള്ള വിസ്തീർണ്ണം**

ആകെ വിസ്തീർണ്ണം : 1603.59 ച.മീ

പാർപ്പിട ഉപയോഗക്രമം : 284.36 ച.മീ

വാണിജ്യ ഉപയോഗക്രമം :1319.23 ച.മീ

അധികം നിർമ്മിച്ച 13.75 ച.മീ വിസ്തീർണ്ണം (1603.59- 1589.84) പാർപ്പിട ഉപയോഗ ( ക്രമവൽക്കരിച്ചിട്ടുള്ളത്. (13.75X2X 100=2750) (രസീതി നമ്പർ:1240300842)

ആയത് പ്രകാരം വാണിജ്യ ഉപയോഗക്രമത്തിലുള്ള കെട്ടിട ഭാഗത്തിന് 4/306 A 1 മുതൽ A 13 B12 വരെയും, C1 മുതൽ C11 വരേയും, പാർപ്പിട ഉപയോഗക്രമത്തിലുള്ള കെട്ടിട ഭാഗത്തിന് 4/30 4/306 C12, 4/306 C13 എന്നിങ്ങനെ കെട്ടിട നമ്പറുകൾ അനുവദിച്ച് നൽകിയിട്ടുണ്ട്.

| | പാർപ്പിട ഉപയോഗക്രമം | വാണിജ്യ ഉപയോഗക്രമം |
|---|---|---|
| പെർമിറ്റ് അനുവദിച്ച വിസ്തീർണ്ണം (ച.മീ) | 277.94 | 1311.9 |
| കെട്ടിട നമ്പർ അനുവദിച്ച വിസ്തീർണ്ണം (ച.മീ) | 231.13 | 1372.61 |
| വ്യത്യാസമുള്ള വിസ്തീർണ്ണം (ച.മീ) | 46.81(കുറവ് വന്നു) | 60.71 (വർദ്ധിച്ചു ) |

വാണിജ്യ ഉപയോഗക്രമത്തിൽ വർദ്ധനവ് വന്ന വിസ്തീർണ്ണം: 60.71 ച.മീ (13.9 ച.മീ അധികമാ 46.81 ച.മീ പാർപ്പിട ഉപയോഗക്രമത്തിൽ നിന്നും വാണിജ്യ ഉപയോഗക്രമത്തിലേക്ക് മാറ്റിയതു 13.03.2024 ലെ സ.ഉ (സാധാ)588/2024/ത.സ്വ.ഭ.വ പ്രകാരം 10.04.2023 ന് മുൻപ് പെർ ശേഷം ഒക്യുപൻസി പൂർണ്ണമായോ ഭാഗികമായോ മാറ്റി നിർമ്മിച്ചതും എന്നാൽ വിസ്തൃത വരുത്താതയോ വരുത്തിയോ നിർമ്മിച്ച കെട്ടിടങ്ങളിൽ , കംപ്ലീഷൻ സമയത്ത്, വർദ്ധനവ് വരു മാത്രല്ല, ഒക്യുപൻസി വ്യതിയാനം വരുത്തിയ ഭാഗത്തിനും പുതിയ നിരക്കിൽ Co ഈടാക്കേണ്ടതാണ്.

ആയതിനാൽ വാണിജ്യ ഉപയോഗക്രമത്തിൽ അധികമായി നിർമ്മിച്ച 60.71 ച.മീ വിസ്തീർ

പ്രകാരം നിയമാനുസൃത ഫീ ഈടാക്കി ക്രമവൽക്കരിക്കേണ്ടതാണ്.

60.71X2X120=14,570 രൂപ

അധികം നിർമ്മിച്ച 13.75 ച.മീ വിസ്തീർണ്ണം പാർപ്പിട ഉപയോഗക്രമത്തിലേക്ക് ക്രമവൽക

അടവാക്കിയ ഫീ:2750 (രസീതി നമ്പർ:1240300842)

ബാക്കി അടവാക്കേണ്ട തുക =14570-2750=11,820 രൂപ

(ഓഡിറ്റ് എൻക്വയറി നമ്പർ:6/27.01.2026)

## 1-10 മൊബൈൽ ടവറുകളിൽ നിന്നും വസ്തു നികുതി ഈടാക്കിയിട്ടില്ല

2024-25 സാമ്പത്തിക വർഷത്തിൽ താഴെ പറയുന്ന മൊബൈൽ ടവറുകളിൽ നിന്നു ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | കെട്ടിട നമ്പർ | മൊബൈൽ ടവർ | കുടിശിക ഉള്ള വർഷം |
|---|---|---|---|
| 1 | 2/170 A | ഇൻഡസ് ടവർ | 2024-25 |
| | | | 2025-26 (First Half) |
| 2 | 2/526 B | ഇൻഡസ് ടവർ | 2024-25 |
| | | | 2025-26 (First Half) |
| 3 | 2/549 B | ഐഡിയ | 2024-25 |
| | | | 2025-26 (First Half) |
| ആകെ | | | |

വസ്തു നികുതി ഈടാക്കാത്തതിനുള്ള വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട ന എൻക്വയറിക്ക് ഇൻഡസ് ടവേഴ്സിന്റെ ഉടമസ്ഥതയിലുള്ള ടവറുകളുടെ വസ്തു നികുതി അടവാ ബഹു ഹൈ കോടതി മുൻഭാഗേ WP(C) 35187/2025 നമ്പർ കേസ് നിലവിലുള്ളതാണ ലഭ്യമാക്കിയിട്ടുണ്ട്. കേസുമായി ബന്ധപ്പെട്ട തുടർനടപടി വിവരങ്ങൾ അറിയിക്കേണ്ടതും ക്ര സൂചിപ്പിച്ച ടവറിൽ നിന്നും 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവ സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 19 പ്രകാരമുള്ള നടപടികൾ സ്വീക്കരിക്കേണ്ടതും, വസ്തു നികുതി ഒ ഈടാക്കേണ്ടതും ആയതിന്റെ രേഖകൾ സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ 7/27.01.2026)

## 1-11 അനധികൃത നിർമ്മാണം ക്രമവൽക്കരിക്കേണ്ടതാണ്

ഫയൽ നമ്പർ 347/25 പരിശോധിച്ചതിൻ പ്രകാരം പ്രൊവിൻഷ്യൽ, ദേവമാതാ പ്രൊവ എന്നിവരുടെ ഉടമസ്ഥതയിലുള്ള 4289.7 ച.മീ വിസ്തീർണ്ണം ഉള്ള ഭൂമിയിൽ (സർവ്വേ നമ്പർ 132/ വില്ലേജ് ,ചാവക്കാട് താലൂക്ക് ) വാണിജ്യാവശ്യത്തിനുള്ള കെട്ടിടം നിർമ്മിക്കുന്നതിനായി (260266)/2019 തീയതി 30.01.2019 നമ്പർ പ്രകാരം പെർമിറ്റ് നല്കിയതായി 16.03.2024 ലെ കുറിപ്പിലുണ്ട്. എന്നാൽ ഫയലിൽ പെർമിറ്റിന്റെ കോപ്പിയോ അംഗീകൃത പ്ലാനോ ലഭ്യ 09.03.2022 ൽ റിവൈസ് ചെയ്തിട്ടുണ്ട്. റിവൈസ്ഡ് പെർമിറ്റ് പ്രകാരമുള്ള ആകെ ബിൽ 3673.06 ച.മീ (ഉപയോഗക്രമം- വാണിജ്യം) ആണ്. 08.11.2023 ൽ ടി കെട്ടിടത്തിന്റെ ഉട ലഭ്യമായ റിവൈസ്ഡ് പെർമിറ്റിനുള്ള അപേക്ഷ പ്രകാരം, 2022 ൽ വാണിജ്യ ഉപയോഗക്ര അനുവദിച്ച 3673.06 ച.മീ വിസ്തീർണ്ണത്തിൽ 445.78 ച.മീ വിസ്തീർണ്ണം ഡി (തീയേറ്റർ) ഉപയേ 14.10.2024-ൽ റിവൈസ് ചെയ്ത് നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 40120 രൂപ (

അടവാക്കി ടി കെട്ടിട ഭാഗം അസംബ്ലി ഒക്യുപെൻസിയിലേക്ക് മാറ്റിയിട്ടുണ്ട്.
എന്നാൽ കംപ്ലീഷൻ പ്ലാൻ/ 14.10.2024 ലെ റിവൈസ്ഡ് പെർമിറ്റ് എന്നിവ പ്രകാരം ടി കെട്ട
വിസ്തീർണ്ണം 3824.51 ച.മീ ആണ്. വ്യത്യാസമുള്ള 151.45 ച.മീ വിസ്തീർണ്ണം ക്രമവൽക്കരിച്ച
അധികമായി നിർമ്മിച്ച വിസ്തീർണ്ണം, 2019 കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മ
അനുസൃതമാണെങ്കിൽ ആയത് KPBR ചട്ടം 92 പ്രകാരം ക്രമവൽക്കരിക്കാനുള്ള നടപടികൾ സ
KPBR ചട്ടങ്ങൾ പ്രകാരമല്ല നിർമ്മാണം എങ്കിൽ 1994 കേരള പഞ്ചായത്ത് രാജ് വകുപ്പ് 235
പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതും ആയതിന്റെ രേഖകൾ സഹിതം വിവ
അറിയിക്കേണ്ടതുമാണ് .
(ഓഡിറ്റ് എൻക്വയറി നമ്പർ:8/27.01.2026)

## 1-12 പഞ്ചായത്ത് പരിധിയിൽ മൊബൈൽ ടവറുകളുടെ അനധികൃത നിർമ്മാണം

5G നെറ്റ്‌വർക്ക് പ്രോൽസാഹിപ്പിക്കുന്നതിന്റെ ഭാഗമായി സർക്കാർ, 2019-ലെ കേരള പ
നിർമ്മാണ ചട്ടങ്ങളിൽ, 19.01.2023-ലെ ഗസറ്റ് വിജ്ഞാപനത്തിലൂടെ ഭേദഗതി വരുത്തിയിട്ടുണ
സ.ഉ(അ)10/2023/ത.സ്വ.ഭ.വ നമ്പർ ഉത്തരവ്). മേൽചട്ട ഭേദഗതി പ്രകാരം മൊബൈ
നിർമ്മാണത്തിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള പെർമിറ്റ് ഒഴിവാക്കിയിട്ടു
മാതൃകയിലുള്ള (അനുബന്ധം A5) ഇന്റിമേഷനൊപ്പം നിയമാനുസൃത പ്ലാൻ ഉൾപ്പടെയുള്ള അ
പഞ്ചായത്തിൽ സമർപ്പിക്കുകയും ചട്ടപ്രകാരമുള്ള ഫീസ് അടവാക്കുകയും ചെയ്താൽ പഞ്ചായ
കൂടാതെ തന്നെ മൊബൈൽ ടവർ നിർമ്മാണം നടത്താവുന്നതാണ്. നിർമ്മാണം പൂർത്ത
കംപ്ലീഷൻ റിപ്പോർട്ടിനോടൊപ്പം നിർമ്മാണം ആരംഭിക്കുന്നതിനു മുമ്പ് സമർപ്പി
സമർപ്പിക്കേണ്ടതും, സെക്രട്ടറി സൈറ്റ് പരിശോധിച്ച് നിർമ്മാണം നിയമാനുസൃതമാണെന്ന് ഉറ
ആയതിന്റെ അടിസ്ഥാനത്തിൽ ഒക്യുപ്പൻസി അനുവദിക്കേണ്ടതുമാണ്.
വസ്തു നികുതി ഡാറ്റാബേസ് ആയ സഞ്ചയ / അസ്സസ്സ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൻ പ്രകാ
ആകെ എട്ട് മൊബൈൽ ടവറുകൾക്കാണ് നാളിതുവരെ കെട്ടിട നമ്പർ അനുവദിച്ചിട്ടുള്ളത്.
27.01.2026 തീയതിയിൽ LSGD സാങ്കേതിക വിഭാഗവും ഓഡിറ്റും ചേർന്ന് നടത്തിയ സ്ഥല
കെട്ടിട നമ്പർ അനുവദിക്കാതെ 7, 12 എന്നി വാർഡുകളിൽ മൊബൈൽ ടവറുകൾ പ്രവർത്തി
ബോധ്യപ്പെട്ടിട്ടുണ്ട്. സ്ഥല പരിശോധനയിൽ ലഭ്യമായ വിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | വാർഡ് നമ്പർ | ടവർ |
|---|---|---|
| 1 | 7 | എയർടെൽ |
| 2 | 12 | - |

ടി മൊബൈൽ ടവറുകൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് പഞ്ചായത്തിൽ അപേക്ഷയോ
ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകളും കെട്ടിട നമ്പർ അനുവദിച്ചിട്ടുണ്ടെങ്കിൽ ആയത
ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് ഏഴാം വാർഡിൽ പ്രവർത്തിക്കുന്ന
എന്ന നമ്പർ നൽകിയിട്ടുണ്ട് എന്നും പന്ത്രണ്ടാം വാർഡിലെ ടവറിന് 6.01.2026
അനുവദിച്ചിട്ടുള്ളതാണ് എന്നും 28.01.2026 ൽ ടാക്സ് അസ്സസ്‌മെന്റിനായി കെ സ്മാർട്ട് മു
സമർപ്പിച്ചിട്ടുള്ളതാണ് എന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ സഞ്ചയ സോഫ്റ്റ് വെയർ
പ്രകാരം 7/173 എ എന്നൊരു നമ്പർ നിലവിലില്ല. മേൽ പട്ടികപ്പെടുത്തിയ പന്ത്രണ്ടാം
വർഷങ്ങൾ പഴക്കമുള്ള ടവർ ആണെന്ന് ഓവർസീയറിന്റെ സാനിധ്യത്തിൽ കണ്ട് ബോധ
ആയതിനാൽ മറുപടിയിൽ സൂചിപ്പിച്ച ടവർ വ്യത്യസ്ത ടവർ ആവാനുള്ള സാധ്യത ഉള്ള

പരിശോധിച്ച് രേഖകൾ സഹിതം വ്യക്തമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

മേൽ സൂചിപ്പിച്ച മൊബൈൽ ടവറുകൾക്ക് കെട്ടിട നമ്പർ അനുവദിച്ചിട്ടില്ലെങ്കിൽ ആയവ 20 പാലിക്കുന്നവയാണെങ്കിൽ, KPBR ചട്ടം 92 പ്രകാരം ക്രമവൽക്കരിക്കാനുള്ള നടപടി നിയമാനുസൃത കെട്ടിട നമ്പർ നൽകി നികുതി ഈടാക്കേണ്ടതും, നിയമാനുസൃത നിർമ്മാണം ‌ ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 235AA(1), 235AA(3) പ്രകാരമുള്ള നടപടികൾ ആയതിന്റെ രേഖകൾ സഹിതം വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

പഞ്ചായത്തിന്റെ പരിധിയിൽ അനധികൃതമായി പ്രവർത്തിക്കുന്ന ടവറുകളുടെ കൃത്യ ശേഖരിക്കേണ്ടതും ആയവക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ:9/28.01.2026)

## 1-13 UA നമ്പർ നൽകിയിട്ടുള്ള കെട്ടിടങ്ങളിൽ നിന്നും വസ്തു നികുതി ഈടാക്കിയിട്ടില്ല

ശ്രീ സണ്ണി, ചീരാൻ ഹൗസ് എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള UA നമ്പർ നൽകി ഉപയോഗത്തിലുള്ള താഴെ പട്ടികപ്പെടുത്തിയ കെട്ടിടങ്ങളിൽ നിന്നും 2024-25 സാമ്പത്തിക നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | കെട്ടിട നമ്പർ | വിസ്തീർണ്ണം (ച .മീ) | ‌ |
|---|---|---|---|
| 1 | 3/165 | 157.52 | 2 |
| 2 | 166 | 13.94 | 1 |
| 3 | 167 | 26.01 | 4 |
| 4 | 167/A | 26.02 | 2 |
| 5 | 167/B | 24.16 | 4 |
| 6 | 168 | 35.31 | 5 |
| 7 | 168/A | 41.82 | 4 |
| 8 | 168/B | 6.04 | 8 |
| 9 | 168/C | 111.52 | 1 |
| 10 | 168/D | 46.45 | 7 |
| 11 | 168/E | 111.52 | 1 |
| 12 | 168/F | 46.46 | 6 |
| 13 | 169 | 41.81 | 6 |
| 14 | 169A(UA) | 263.74 | 3 |
| ആകെ | | | 1, |

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) പ്രകാരമുള്ള നടപടികൾ സ്വീക്‌രിക്കേണ്ടതും, വസ്തു നികുതി കുടിശ്ശിക സഹിതം ഈടാക്കേ രേഖകൾ സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ:10/28.01.2026)

## 1-14 പെർമിറ്റിൽ നിന്നും അധികമായി നിർമ്മിച്ച വിസ്തീർണ്ണം ക്രമവത്കരിക്കേണ്ടതാണ്

ഫയൽ നമ്പർ 3309/2021 പരിശോധിച്ചതിൻ പ്രകാരം ശ്രീ/ശ്രീമതി ബഷീർ, റബിയ & വ്യക്തികളുടെ ഉടമസ്ഥതയിലുള്ള 822 ച.മീ വിസ്തീർണ്ണം ഉള്ള പ്ലോട്ടിൽ ( സർവ്വേ നമ്പർ 2 പാവറട്ടി വില്ലേജ്, ചാവക്കാട് താലൂക്ക്) വാണിജ്യാവശ്യത്തിനുള്ള കെട്ടിടം നിർമ്മിക്കുകയും റെഗുലറൈസേഷൻ ഫീ അടവാക്കി റെഗുലറൈസ്ഡ് പെർമിറ്റ് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. (ഒ BA(169913)2023 തീയതി 16.05.2023)

പെർമിറ്റ് പ്രകാരമുള്ള കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണം: 1308.01 ച.മീ

അടവാക്കിയ ക്രമവൽക്കരണ ഫീ :1308.01X 20=26,161 രൂപ

24.10.2024 ൽ പഞ്ചായത്തിൽ നിന്നും ഒക്യുപെൻസി സർട്ടിഫിക്കറ്റ് നൽകിയിട്ടു അടിസ്ഥാനത്തിൽ 15/70 A1 മുതൽ A10 വരെയും, 15/70 B1 മുതൽ B9 വരെയും, 15/70 C1 മുത കെട്ടിട നമ്പർ അനുവദിച്ചിട്ടുണ്ട്. ഫയലിലെ ഏരിയ സ്റ്റേറ്റ്മെൻറ് പ്രകാരവും, 18.10.24 ലെ ഓവർ പ്രകാരവും കെട്ടിടത്തിൻെറ ആകെ വിസ്തീർണ്ണം 1395.87 ച.മീ ആണ്. (ഫയലിൽ കംപ്ലീഷ അംഗീകൃത പ്ലാൻ ലഭ്യമല്ല) വ്യത്യാസമുള്ള അധികം നിർമ്മിച്ച 87.86 ച.മീ (1395.87-1308.01) കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് അനുസൃതമാണെങ്കിൽ, ആയത് KPBR ക്രമവൽക്കരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും നിയമാനുസൃതമായ നിർമ്മാണം അ കേരള പഞ്ചായത്ത് രാജ് വകുപ്പ് 235 AA(1), 235 AA(3) പ്രകാരമുള്ള നടപടികൾ സ്വീകരിക്കേ ഫയലിൽ 13.04.2023 ൽ അനുവദിച്ച 1308.01 ച.മീ വിസ്തീർണ്ണത്തിനുള്ള ഇനിഷ്യൽ ഫയർ ലഭ്യമാക്കിയിട്ടുള്ളത്. 1395.87 ച.മീ വിസ്തീർണ്ണത്തിനുള്ള ഫൈനൽ ഫയർ NOC ലഭ്യമാക്ക സൂചിപ്പിച്ച നടപടികൾ സ്വീകരിക്കേണ്ടതും ആയതിന്റെ രേഖകൾ സഹിതം വിവ അറിയിക്കേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ: 23/29.01.2026)

## 1-15 പദ്ധതി മാർഗരേഖയ്ക്ക് വിരുദ്ധമായി മുഴുവൻ ചെലവ് തുകയും പ്ലാൻ ഫണ്ടിൽ നിന്നു

| പ്രോജക്ടിന്റെ പേര് | മത്സ്യ തൊഴിലാളികൾക്ക് വാട്ടർ ടാങ്ക് |
|---|---|
| പ്രോജക്ട് നമ്പർ | 62/25 |
| നിർവ്വഹണോദ്യോഗസ്ഥൻ | സബ്ബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് |
| അടങ്കൽ | 64,000 |
| ചെലവ് | 38,999 (വികസന ഫണ്ട് ജനറൽ ) |
| വൗച്ചർ നമ്പർ/തീയതി | 42401383/7.03.2025 |

**1.** സബ്സിഡി മാർഗരേഖ സ.ഉ(കൈ)നം.115/2022/ത.സ്വ.ഭ.വ, തീ.28.05.2022 ഖണ്ഡിക 7.3 തൊഴിലാളികൾക്ക് വാട്ടർ ടാങ്ക് നൽകുന്ന പദ്ധതിയിൽ യൂണിറ്റ് വിലയുടെ 75% സബ്സിഡി ന മേൽ പദ്ധതിയിൽ ഉൾപ്പെടുത്തി, പ്രോജക്ട് നമ്പർ 62/25 പ്രകാരം ARTCO യിൽ നിന്നും പത യൂണിറ്റ് കോസ്റ്റ് 3899.9 രൂപക്ക് വാങ്ങിച്ചിട്ടുണ്ട്. ആയതിന് പരമാവധി നൽകാവുന്ന സബ്സി രൂപയും ഗുണഭോക്താക്കളിൽ നിന്നും ഈടാക്കേണ്ട വിഹിതം 975 രൂപയും ഗുണഭോക്താക്കളിൽ നിന്നും 990 രൂപ വീതം ഗുണഭോകൃത വിഹിതമായി പിരിക്കുകയും ആയ അടവാക്കുകയും ചെയ്തിട്ടുണ്ടെങ്കിലും വികസന ഫണ്ട് ജനറലിൽ നിന്നാണ് മുഴുവൻ പദ്ധതി തുക ചെലവഴിച്ചിരിക്കുന്നത്. ആയതിനാൽ 9750 രൂപ (38999-29249) സബ്സിഡി ഇനത്തിൽ നിന്നും അധികം നൽകിയിട്ടുണ്ട്. ഗുണഭോകൃത വിഹിതം പഞ്ചായത്ത് ഫണ്ടിൽ നിന്നും ക ഫണ്ടിലേക്ക് തിരികെ അടവാക്കി ആയതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്.

**2.** ഗുണഭോക്തൃ വിഹിതത്തിൽ ഓരോ ഗുണഭോക്താവിൽ നിന്നും അധികമായി വാങ്ങിയ 15
ഗുണഭോക്താക്കൾക്ക് തിരിച്ചു നൽകേണ്ടതാണ്.
**3.**പത്ത് വാട്ടർ ടാങ്കാണ് ARTCO യിൽ നിന്നും വാങ്ങിയിട്ടുള്ളത്. എന്നാൽ ഒൻപത് ഗുണഭോക്ത
മാത്രമാണ് ഫയലിൽ ലഭ്യമായിട്ടുള്ളത്. ബാക്കിയുള്ള ഒരു ഗുണഭോക്താവിന്റെ രേഖകളും ടി വ
ഗുണഭോക്തൃ വിഹിതം ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയതിന്റെ രേഖകളും ഹാജര
(ഓഡിറ്റ് എൻക്വയറി നമ്പർ:23/29.01.2026)

## 1-16 ചെലവു രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല- 64,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| പ്രോജക്റ്റിന്റെ പേര് | മുറ്റത്തൊരു മീൻതോട്ടം |
|---|---|
| പ്രോജക്റ്റ് നമ്പർ | 141/25 |
| നിർവ്വഹണോദ്യോഗസ്ഥൻ | സബ്ബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് |
| അടങ്കൽ | 1,60,000 |
| ചെലവ് | 64,000 (വികസന ഫണ്ട് ജനറൽ ) |
| വൗച്ചർ നമ്പർ/തീയതി | 40,000- 42401140/17.05.24<br>16,000-42401141/ 17.05.24<br>8000-42401142/ 17.05.24 |

സബ്സിഡി മാർഗരേഖ സ.ഉ(കൈ)നം.115/2022/ത.സ്വ.ഭ.വ, തീയതി 28.05.2022 ഖണ
പ്രകാരം മത്സ്യ തൊഴിലാളികൾക്ക് മുറ്റത്തൊരു മീൻതോട്ടം നിർമ്മിക്കാനുള്ള പദ്ധതിയിൽ ജന
യൂണിറ്റ് നിരക്ക് 20,000 രൂപയിൽ (കുളം കുഴിക്കുന്നതിന് 4000 രൂപ + പൊളിത്തീൻ
സാമഗ്രികൾ, വാട്ടർ പമ്പ്, സംരക്ഷിത വല, മറ്റ് ഉപകരണങ്ങൾ എന്നിവക്ക് 16,000
നൽകാവുന്ന സബ്സിഡി തുക 8000 രൂപയാണ്. ആയത് പ്രകാരം ഒരു ഗുണഭോക്താവിന് 800
എട്ട് പേർക്ക് 64,000 രൂപ പ്ലാൻ ഫണ്ടിൽ നിന്നും ചെലവ് വന്നിട്ടുണ്ട്. എന്നാൽ കുളം കുഴിക്കു
+ പൊളിത്തീൻ ഷീറ്റ്, അനുബന്ധ സാമഗ്രികൾ, വാട്ടർ പമ്പ്, സംരക്ഷിത വല, മറ്റ് ഉപകരണ
16,000 രൂപ എന്നിങ്ങനെ വരുന്ന ചെലവുകൾക്ക് അടിസ്ഥാനമായ ചെലവ് രേഖകൾ
ലഭ്യമാക്കിയിട്ടില്ല. 64,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു .
(ഓഡിറ്റ് എൻക്വയറി നമ്പർ:23/29.01.2026)

## 1-17 ധനവിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

1.

പദ്ധതി നം: 135/25 (സ്പിൽ ഓവർ)

പേര്: കോക്ലിയർ ഇംപ്ലാന്റുകളുടെ മെയിന്റനൻസ്

അടങ്കൽ: 2,00,000

ചെലവ്: 2,00,000
നിർവ്വഹണോദ്യോഗസ്ഥൻ: മെഡിക്കൽ ഓഫീസർ(FHC)
വൗച്ചർ നം: 42401125/16.05.2024

മേൽപ്പറഞ്ഞ പദ്ധതിയിൽ സർക്കാർ ഉത്തരവ് KS
തി.28.10.2021 പ്രകാരം സാമൂഹ്യ സുരക്ഷാ മിഷനിലേക്ക് 2,00,000 രൂപ കൈമാറിയിട്ടു
സർക്കാർ ഉത്തരവു പ്രകാരം കോക്ലിയർ ഇംപ്ലാന്റുകളുടെ മെയിന്റനൻസിനായി തദ്ദേശ
സ്ഥാപനത്തിലെ ഗുണഭോക്താക്കളുടെ എണ്ണം അനുസരിച്ച് ഒരു കുട്ടിക്ക് 50,000 രൂപ വീതം
സഹിതം സാമൂഹ്യ സുരക്ഷാ മിഷനിലേക്ക് അയച്ചു കൊടുക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട
അയച്ചു കൊടുത്ത കുട്ടികളുടെ ലിസ്റ്റ് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. അതുപോലെ
സാക്ഷ്യപത്രം ലഭ്യമായിട്ടുണ്ടെങ്കിൽ ആയത് കൂടി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണെന്നാ
ഓഡിറ്റ് എൻക്വയറി 13/28.01.2026 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ
ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

2.

പ്രോജക്റ്റ് നം: 144/25 (സ്പിൽ ഓവർ)

പേര്: കാൻ തൃശ്ശൂർ

അടങ്കൽ: 1,22,531
ചെലവ്: 1,22,531
നിർവ്വഹണോദ്യോഗസ്ഥൻ: മെഡിക്കൽ ഓഫീസർ(FHC)
വൗച്ചർ നം.42401190 തി.19.10.2024 തുക.88,518
വൗച്ചർ നം.42401367 തി.22.02.2025 തുക.34,013

മേൽപ്പറഞ്ഞ പ്രോജക്റ്റ് പ്രകാരം തൃശ്ശൂർ ജില്ലാ പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് മേൽ വ
1,22,531 രൂപ കൈമാറിയിട്ടുണ്ട്. ആയതിന്റെ ധനവിനിയോഗ സാക്ഷ്യപത്രം ല
ഹാജരാക്കേണ്ടതാണെന്നാവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി (നം.26/29.01.2026) നൽക
ലഭ്യമാക്കിയില്ല. ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് പരിശോധനയ്ക്ക് ലഭ്യമാക്കേ

## 1-18 മെൻസ്റ്റുവൽ കപ്പ് വിതരണം ചെയ്തില്ല

പദ്ധതി നം: 69/25

പേര്: മെൻസ്റ്റുവൽ കപ്പ് വിതരണം

അടങ്കൽ: 2,00,000
ചെലവ്: 1,98,294
നിർവ്വഹണോദ്യോഗസ്ഥൻ: മെഡിക്കൽ ഓഫീസർ(FHC)
വൗച്ചർ നം: 42401203/12.12.2024 തുക-33299
വൗച്ചർ നം: 42401334/11.03.2025 തുക-1770
വൗച്ചർ നം: 42401374/07.03.2025 തുക-164,995

മേൽപ്പറഞ്ഞ പദ്ധതി പ്രകാരം HLL Lifecare ല
ഇൻവോയ്സ് നം.9423055621 തി.26.12.24 പ്രകാരം 111 മെനുസ്ട്രൽ കപ്പുകളും, ഇൻവോയ്സ്
തി.29.03.2025 പ്രകാരം 550 മെനുസ്ട്രൽ കപ്പുകളും വിതരണത്തിനായി ലഭ്യമാക്കിയിട്ടുണ്ട്. പ
രജിസ്റ്റർ പരിശോധിച്ചപ്പോൾ 449 മെനുസ്ട്രൽ കപ്പുകൾ മാത്രമാണ് വിതരണം ചെയ്തിട്ടുള്ള
മെനുസ്ട്രൽ കപ്പുകൾ വിതരണം ചെയ്തിട്ടില്ല. ആയത് വിതരണം ചെയ്തിട്ടുള്ള രേഖകളു

പരിശോധനയ്ക്ക് ലഭ്യമാക്കേണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി 14/28.01.26 നൽകി ലഭ്യമാക്കിയില്ല. ബാക്കിയുള്ള 212 മെൻസ്ട്രൽ കപ്പുകൾ വിതരണം ചെയ്ത് രേ അറിയിക്കേണ്ടതാണ്.

## 1-19 താൽക്കാലിക ജീവനക്കാരിയായ ഫാർമസിസ്റ്റിന്റെ നിയമന ഉത്തരവ്, ഭരണ സമ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല

പദ്ധതി നം: 219/25

പേര്: താൽക്കാലിക ഫാർമസിസ്റ്റിന് വേതനം നൽകൽ

അടങ്കൽ: 2,49,600
ചെലവ്: 2,31,200
നിർവ്വഹണോദ്യോഗസ്ഥൻ: മെഡിക്കൽ ഓഫീസർ(FHC)
വൗച്ചർ നം: 42401025/27.03.2025 തുക-22,100
വൗച്ചർ നം: 42400864/16.02.2025 തുക-20,400
വൗച്ചർ നം: 42400934/11.03.2025 തുക-19,550
വൗച്ചർ നം: 42400557/13.11.2024 തുക-27,200
വൗച്ചർ നം: 42400689/20.12.2024 തുക-19,550
വൗച്ചർ നം: 42400931/11.03.2025 തുക-22,100
വൗച്ചർ നം: 42400412/22.09.2024 തുക-1,00,300

മേൽപ്പറഞ്ഞ പ്രോജക്ട് പ്രകാരം നാദിയസാബിത്ത് എ ദിവസ വേതനാടിസ്ഥാനത്തിൽ 12 മാസത്തെ വേതനം നൽകിയിട്ടുണ്ട്. 2024-25 സാമ്പത്ത ദിവസ വേതനാടിസ്ഥാനത്തിൽ ഫാർമസിസ്റ്റായി ജോലി ചെയ്തിരുന്ന നാദിയ സാബിത്തിനെ ഉത്തരവ്, ഭരണ സമിതി തീരുമാനം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കണമെന്ന് ആവ എൻക്വയറി (നം.16/28.01.2026) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. 2024-25 സാമ്പത ദിവസ വേതനാടിസ്ഥാനത്തിൽ ഫാർമസിസ്റ്റായി ജോലി ചെയ്ത് നാദിയ സാബിത്തിന്റെ ന ഭരണ സമിതി തീരുമാനം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-20 സമേതം – സമഗ്ര വിദ്യാഭ്യാസ പരിപാടി – വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ട്

നിർവ്വഹണോദ്യോഗസ്ഥ – ഹെഡ്മിസ്ട്രസ്
പ്രൊജക്റ്റ് നം. 143/25 - സമേതം – സമഗ്ര വിദ്യാഭ്യാസ പരിപാടി
ഫണ്ട് – വികസന ഫണ്ട്- ജനറൽ
അടങ്കൽ – ₹1,00,000
ചെലവ് – ₹99,293
വൗച്ചർ നം. 42401186/16.10.2024
മേൽ പ്രൊജക്റ്റ് പ്രകാരം സമേതം സമഗ്ര വിദ്യാഭ്യാസ പരിപാടിക്ക് തൃശ്ശൂർ ജില്ലാ പഞ്ചായത ്രൂപ നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത പ്രൊജക്റ്റ്, ജില്ലാ പഞ്ചായത്ത് പൂർത്തീകരിച്ച് വിനിയേ ലഭ്യമാക്കിയിട്ടില്ല. വിനിയോഗസാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിനെ വിവരം അറിയിക്ക (ഓഡിറ്റ് എൻക്വയറി നം. 18/28.01.2026)

## 1-21 വി.ഇ.ഒ.(പാവറട്ടി സർക്കിൾ) നിർവ്വഹണം നടത്തിയ പ്രൊജക്ടുകൾ- രേഖകൾ ഹ

വി.ഇ.ഒ.(പാവറട്ടി സർക്കിൾ) നിർവ്വഹണം നടത്തിയ പ്രൊജക്ടുകളിലെ അപാകങ്ങൾ ചുവടെ ചേ
1. പ്രോജക്ട് നം. 22/25 വീട് വാസയോഗ്യമാക്കൽ എസ് സി
അടങ്കൽ -₹7,50,000, ചെലവ് -₹7,50,000, ഫണ്ട് – വികസന ഫണ്ട് (എസ്.സി.പി.)
(എ) താഴെ കൊടുത്തിട്ടുള്ള ഗുണഭോക്താക്കളുടെ ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.
(I) ജാന മോഹൻ പുല്ലാട്ട്, പാവറട്ടി
(Ii) ഗീത മോഹൻദാസ്, പാലക്കൊടി, മരുതയൂർ
(Iii) സനോജ് വാഴപ്പുള്ളി, വിളക്കാട്ടുപാടം
(ബി) താഴെ കൊടുത്തിട്ടുള്ള ഗുണഭോക്താക്കളുടെ വീട് വാസയോഗ്യമാക്കിയതുമായി ബന്ധപ്പെട്ട
വാല്യുവേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല.
(I) വാസന്തി മുറ്റിച്ചൂർ, വെന്മേനാട്
(Ii) ഇന്ദിര ബാലൻ, മാങ്ങാടി, പാവറട്ടി
(Iii) സനോജ് വാഴപ്പുള്ളി, വിളക്കാട്ടുപാടം

2. പ്രോജക്ട് നം. 188/25 വീട് വാസയോഗ്യമാക്കൽ എസ്സ് സി (സ്പിൽ ഓവർ)
അടങ്കൽ -₹2,83,592, ചെലവ് -₹2,83,592, ഫണ്ട് – വികസന ഫണ്ട് (എസ്.സി.പി.)
മേൽ പ്രൊജക്റ്റിലെ ഗുണഭോക്താവായ സുധാകരൻ മരുതോ, പാവറട്ടി-യുടെ വീട് വാസയോഗ്യമ
ബന്ധപ്പെട്ട പ്രവർത്തികളുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.
3. പ്രോജക്ട് നം. 23/25 ലൈഫ് ഭവനപദ്ധതി എസ്സ് സി 2024-25
അടങ്കൽ -₹77,00,000
ചെലവ് -₹39,80,106
തങ്കമണി കുണ്ട് വീട്, കാളാനി എന്ന ഗുണഭോക്താവിന്റെ ജാതി സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടി

രേഖകൾ ലഭ്യമാക്കേണ്ടതും ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതുമാണ്.
(ഓഡിറ്റ് എൻക്വയറി നം. 21/29.01.2026)

## 1-22 ഭവനനിർമ്മാണം, വീട് വാസയോഗ്യമാക്കൽ എന്നിവ പൂർത്തീകരിച്ചിട്ടില്ല

വി.ഇ.ഒ.(പാവറട്ടി സർക്കിൾ), വി.ഇ.ഒ.(വെന്മേനാട് സർക്കിൾ) എന്നിവർ നിർവ്വഹണം നടത്തി
നിർമ്മാണ പ്രൊജക്ടുകളിലെ ഭവന നിർമ്മാണം പൂർത്തീകരിക്കാത്തതിന്റെ വിവരങ്ങൾ ചുവടെ

1) നിർവ്വഹണോദ്യോഗസ്ഥ – വി.ഇ.ഒ.(പാവറട്ടി സർക്കിൾ)
പ്രോജക്ട് നം. 23/25 ലൈഫ് ഭവനപദ്ധതി എസ് സി 2024-25
അടങ്കൽ -₹77,00,000
ചെലവ് -₹39,80,106
താഴെ കൊടുത്തിട്ടുള്ള ലൈഫ് മിഷൻ ഗുണഭോക്താക്കൾ നാളിതുവരെ ഭവന നിർമ്മാണം പൂർത്
വിശദവിവരം ചുവടെ ചേർക്കുന്നു:

| ക്രമനമ്പർ | ഗുണഭോക്താവിന്റെ പേര് | ധനസഹായം കൈപ്പറ്റിയ തീയ |
|---|---|---|
| 1 | ശ്രീജ രാജേഷ് ചേന്ദംകര | ഒന്നാം ഗഡു – 40000 – 09.11.2(<br>രണ്ടാം ഗഡു – 40000 – 20.07.2 |

| | | |
|---|---|---|
| | | മൂന്നാം ഗഡു – 60000 – 08.08.2<br>നാലാം ഗഡു – 60000– 20.11.20<br>അഞ്ചാം ഗഡു – 40000– 14.03.2 |
| 2 | വേണു പെരിങ്ങാട്ട് | ഒന്നാം ഗഡു – 40000 – 18.07.20<br>രണ്ടാം ഗഡു – 60000 – 06.03.2<br>മൂന്നാം ഗഡു – 100000– 19.03.20 |
| 3 | രജിത കുണ്ടു | ഒന്നാം ഗഡു – 40000 – 18.07.20 |
| 4 | വിന്ദുജ ദിനേശ് മഠത്തിൽപറമ്പിൽ | ഒന്നാം ഗഡു – 40000 – 20.11.20 |

2) നിർവ്വഹണോദ്യോഗസ്ഥ – വി.ഇ.ഒ.(വെണ്മേനാട് സർക്കിൾ)

I) പ്രോജക്ട് നം.41/25 ലൈഫ് മിഷൻ ജനറൽ 2024-25

അടങ്കൽ -₹1,88,00,000

ചെലവ് -₹55,27,200

2023-24 സാമ്പത്തികവർഷം മുതൽ ധനസഹായം കൈപ്പറ്റുന്ന താഴെക്കൊടുത്തിട്ടുള്ള ഗുണഭോ നാളിതുവരെ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

| ക്രമനമ്പർ | ഗുണഭോക്താവിന്റെ പേര് | ധനസഹായം കൈപ്പറ്റിയ തീയതി |
|---|---|---|
| 1 | സൈനബ എറമസ്സായില്ലത്ത് | ഒന്നാം ഗഡു – 40000 – 08.09.202 |
| 2 | അഞ്ജലി ചെറുവത്തൂർ വീട് | ഒന്നാം ഗഡു – 40000 – 16.11.2023<br>രണ്ടാം ഗഡു –160000 – 06.07.2024<br>മൂന്നാം ഗഡു – 40000– 21.07.2024 |

ഭവന നിർമ്മാണം പൂർത്തീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

Ii) പ്രോജക്ട് നം. 127/25 വീട് വാസയോഗ്യമാക്കൽ ജനറൽ (സ്പിൽ ഓവർ)

അടങ്കൽ -₹2,75,000, ചെലവ് -₹2,50,000, ഫണ്ട് – വികസന ഫണ്ട് (ജനറൽ)

മേൽ പ്രൊജക്റ്റ് പ്രകാരം ത്രേസ്യ ഒലക്കേങ്കൽ എന്ന ഗുണഭോക്താവിന് 18.05.2024 നല്കിയെങ്കിലും ആയത് ഉപയോഗിച്ച് വീട് വാസയോഗ്യമാക്കുന്നതിനായുള്ള പ്രവ നടപ്പാക്കിയിട്ടില്ല. നൽകിയ തുക തിരിച്ചടയ്ക്കുന്നത് സംബന്ധിച്ച് ടി ഗുണഭോക്താവിന് നൽകുന്നതിനും രണ്ടുമാസം കാലാവധി നൽകിയതിനു ശേഷം നിയമനടപടികൾ സ വി.ഇ.ഒ.ക്ക് 23.07.2025 ലെ 1/12 നമ്പർ തീരുമാന പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. ഫെബ്രുവരി മാസം പണി പൂർത്തീകരിച്ച വരാമെന്ന് അറിയിച്ചിട്ടുണ്ടെന്നും അല്ലാത്തപക്ഷം ആർ സ്വീകരിക്കുന്നതാണെന്നും ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർനടപ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 21/29.01.2026, ഓഡിറ്റ് എൻക്വയറി നം. 19 /29.01.2026)

## 1-23 ലൈഫ് ഭവനപദ്ധതി - 10,000 രൂപ അധികം നല്കിയത് നിരാകരിക്കുന്നു

നിർവ്വഹണോദ്യോഗസ്ഥ – വി.ഇ.ഒ.(പാവറട്ടി സർക്കിൾ)

പ്രോജക്ട് നം. – 23/25 ലൈഫ് ഭവനപദ്ധതി എസ് സി 2024-25

അടങ്കൽ -₹77,00,000

ചെലവ് -₹39,80,106

ഫണ്ട് – വികസനഫണ്ട് (എസ് സി പി), സംസ്ഥാനാവിഷ്കൃത ഫണ്ട്, ജില്ലാ പഞ്ചായത്ത് വിഹി
മറ്റുള്ളവ(ഹഡ്കോ)

വൗച്ചർ നം.42401159/20.07.24- ₹2,50,000, 42401323/15.03.25- ₹3,20,000, 42401160/20.07.
42401169/08.08.24-₹1,10,000, 42401212/13.12.24– ₹2,39,000, 42401362/07.03.25- ₹3,41,106
42401343/22.01.25- ₹1,00,000, 42400333/29.08.24- ₹2,00,000, 42400391/10.09.24- ₹2,00
42400457/05.10.24- ₹4,60,000, 42400486/22.10.24- ₹1,50,000, 42400600/28.11.24-2,85,0
42400886/21.02.25- ₹1,00,000, 42400696/24.12.24- ₹1,50,000, 42400488/24.10.24- ₹2,00
42400891/24.02.25- ₹1,00,000, 42400924/03.03.25- ₹1,60,000, 42400978/21.03.25- ₹1,95
42401020/27.03.25- ₹1,00,000

മേൽ പ്രൊജക്റ്റിന്റെ ഗുണഭോക്താവായ വത്സല ളുമാറ്റ്, പാവറട്ടി എന്നവർക്ക് ലൈ തുകയായ ₹4,00,000 ന് പകരം ₹4,10,000 രൂപ നല്കിയിട്ടുണ്ട്. ബില്ലുകളും രജിസ്റ്ററുകളും ആകെ അനുവദിച്ച തുക ₹4,10,000 രൂപയാണ്. വിശദ വിവരം ചുവടെ ചേർക്കുന്നു:

| ഗുണഭോക്താവിന്റെ പേര് | ധനസഹായം കൈപ്പറ്റിയ തീയതി |
|---|---|
| വത്സല ളുമാറ്റ്, പാവറട്ടി | ഒന്നാം ഗഡു – ₹40,000 – 09.03.2023<br>രണ്ടാം ഗഡു – ₹1,00,000 – 11.09.2023<br>മൂന്നാം ഗഡു – ₹70,000 – 10.11.2023<br>നാലാം ഗഡു – ₹80,000- 19.01.2024<br>അഞ്ചാം ഗഡു – ₹10,000- 27.03.2024<br>ആറാം ഗഡു – ₹60,000- 01.10.2024<br>ഏഴാം ഗഡു – ₹50,000- 13.12.2024 |
| | ആകെ – 4,10,000 |

പതിനായിരം രൂപ അധികമായി നൽകിയത് ഓഡിറ്റ് അംഗീകരിക്കുന്നില്ല. തുക തിരികെ ഈട
(ഓഡിറ്റ് എൻക്വയറി നം. 21/29.01.2026)

## 1-24 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ താഴെ കൊടുത്തിട്ടുള്ള പ്രോജക്ട് പ്രകാരം നൽകിയ തു
വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

| പ്രോജക്ട് | അടങ്കൽ | വൗച്ചർ നം./ തിയതി | തു (₹ |
|---|---|---|---|
| 265/25 – വൃത്തി 2025 – ദി ക്ലീൻ കേരള കോൺക്ലേവ് | 25,000 (വികസന ഫണ്ട്-ജനറൽ) | **42401279/ 25.03.2025** | 25 |

വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നം. 5/27.01.2026)

## 1-25 വെമ്മേനാട് പാർക്ക് നിലാപെയ്ത്ത് ടൂറിസം -KCZMA യ്ക്ക് സ്കൂട്ടിണി ഫീസ് നല്കിയതിറെ വിവരങ്ങൾ ലഭ്യമാക്കിയില്ല

നിർവ്വഹണോദ്യോഗസ്ഥൻ – സെക്രട്ടറി
പ്രൊജക്റ്റ് നം. 242/25 – വെമ്മേനാട് പാർക്ക് നിലാപെയ്ത്ത് ടൂറിസം KCZMA-യ്ക്ക് സ്കൂട്ടിണി ഫീസ് (
അടങ്കൽ – 1,00,000 , ചെലവ് – 1,00,000
വൗച്ചർ നം.42400527/06.11.2024 (തനത് ഫണ്ട്)

വെമ്മേനാട് പാർക്ക് നിലാപെയ്ത്ത് ടൂറിസം പദ്ധതി നടപ്പിലാക്കുന്നതിന് KCZMA (കേരള ( മാനേജ്മെന്റ് അതോറിറ്റി)-യ്ക്ക് സ്കൂട്ടിണി ഫീസ് അടവാക്കുന്നതിനാണ് ടി പദ്ധതി രൂപീകരിച്ചി ലെ ഭരണസമിതി തീരുമാനം 3 പ്രകാരമുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു:

"പ്രസ്തുത പ്രൊജക്ടിന് ജില്ലാ പഞ്ചായത്ത് 80 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത തിരുവനന്തപുരത്തെ കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റി മെമ്പർ സെക്രട്ടറി ( പരിപാലന സമിതിയുടെ അനുമതിക്കായി അപേക്ഷ സമർപ്പിക്കുകയുണ്ടായി. കൂടുതൽ രേഖകളു സ്കൂട്ടിനി ഫീസ്സും അടവാക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് പഞ്ചായത്ത് അസി.എഞ്ചിനിയറുടെ ലെ 3(2) നമ്പറായി പഞ്ചായത്ത് ഭരണസമിതി യോഗത്തിൽ ചർച്ച ചെയ്യുകയും, പിന്നീട് ( പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെയും, ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിന്റെയും നിരാക്ഷേപ യ്ക്ക് സമർപ്പിക്കുകയുണ്ടായി. സ്കൂട്ടിനി ഫീസ്സ് അടവാക്കണമെന്ന് ആവശ്യപ്പെട്ട് കൊണ്ട് 12.03 യിൽ നിന്നും 2213/A1/2024/Kczma നമ്പറായി കത്ത് ലഭിക്കുകയുണ്ടായി. ഈ കത്ത് ചർ ലക്ഷം രൂപ KCZMA യ്ക്ക് അടവാക്കുന്നതിന് ഭരണസമിതി തീരുമാനിക്കുകയും ചെയ്തു.

തുക അടവാക്കുന്നതുമായി ബന്ധപ്പെട്ട് സെക്രട്ടറി ചുവടെ ചേർക്കുന്ന കാര്യങ്ങൾ ശ്രദ്ധയിലേക്ക് കൊണ്ടുവന്നു. വെമ്മേനാട് പാർക്ക് നിലാപെയ്ത്ത് എന്ന പ്രൊജക്ടിന് ജില്ലാ പഞ്ച രൂപയാണ് വകയിരുത്തിയിട്ടുള്ളതെങ്കിലും സാങ്കേതികാനുമതി ലഭിച്ചിട്ടില്ല. കൂടാതെ സ പ്രൊജക്ട് നിർവഹണസ്ഥാപനം തന്നെ ആ പ്രൊജക്ട് നിർവഹിക്കുന്നതിനാവശ്യമായ മറ്റ് പഞ്ചായത്ത് തന്നെ സംഘടിപ്പിക്കേണ്ടതായിരുന്നു. ജില്ലാ പഞ്ചായത്തിന് ആയത് ബുദ്ധിമുട്ടുണ്ടെങ്കിൽ ആയത് രേഖാമൂലം ഈ ഗ്രാമപഞ്ചായത്തിന് തരേണ്ടതായിരുന്നു. ആ തന്നിട്ടുമില്ല. കൂടാതെ സ്കൂട്ടിനി ഫീ എന്നത് ഇൻസ്പെക്ഷൻ ഫീ അല്ലെന്നതും, ഫയലുകൾ എടുക്കുമ്പോൾ സ്കൂട്ടിനി ഫീ അടവാക്കിയാൽ മാത്രമാണ് സമർപ്പിച്ചിട്ടുള്ളത പരിഗണിക്കപ്പെടുന്നതെന്നും ഈ ഫീസ്സ് അപേക്ഷ പാസ്സാക്കാനുള്ള ഫീസ്സായ തെറ്റിദ്ധരിക്കരുതെന്നും സെക്രട്ടറി കൂട്ടിചേർത്തു. കൂടാതെ മേപ്പടി പ്രൊജക്ട് 2024-25 ലും തുടരുന്നുവെന്നത് ഗ്രാമപഞ്ചായത്ത് രേഖാപരമായി ഉറപ്പുവരുത്തിയിട്ടില്ല, കൂടാതെ ജില്ലാ പ്രൊജക്ട് ആയതിനാൽ പ്രൊജക്ട് നിർവഹണത്തിനായുള്ള ഫണ്ട് തൃശ്ശൂർ ജില്ലാ പഞ്ചായത്ത ഇല്ലയൊ എന്നതും ഗ്രാമപഞ്ചായത്ത് ഉറപ്പുവരുത്തേണ്ടതുണ്ട് എന്ന് സെക്രട്ടറി അഭിപ്രായപ്പെട്ടു.

സെക്രട്ടറിയുടെ അഭിപ്രായത്തിന് ശേഷവും, ഒരു ലക്ഷം രൂപ തനത്ഫണ്ടിൽ നിന്നും K( ഫീസ്സായി അടിയന്തരമായി ചെലവ് ചെയ്യുന്നതിന് അദ്ധ്യക്ഷ സെക്രട്ടറിയോട് നിർദ്ദേശിച്ച തീര

ഇതിന്റെ അടിസ്ഥാനത്തിൽ ഒരു ലക്ഷം രൂപ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിര ഫീസ് KCZMAയ്ക്ക് കൈമാറിയിട്ടുണ്ട്. ജില്ലാ പഞ്ചായത്തിന്റെ പ്രൊജക്റ്റ് ആയതിനാൽ വഹിക്കുന്നതിന് ജില്ലാ പഞ്ചായത്ത് രേഖാമൂലം ആവശ്യപ്പെട്ടിട്ടുണ്ടോയെന്നും പ്രൊജക്ട് നിർവ ഫണ്ട് തൃശ്ശൂർ ജില്ലാ പഞ്ചായത്ത് നിർവഹിക്കുമോയെന്നും അറിയിക്കുവാൻ ആവശ്യപ്പെട്ട്

എൻക്വയറിക്ക് (നം. 11/28.01.2026) മറുപടി ലഭ്യമാക്കിയില്ല. ടി പ്രൊജക്റ്റിന്റെ തുടർനടപടികൾ ഓഡിറ്റ് എൻക്വയറി മുഖേന ആവശ്യപ്പെട്ടിരുന്നു. KCZMA യുടെ പരിശോധന സംബന്ധി ലഭ്യമാക്കിയില്ല.

വെമ്മേനാട് പാർക്ക് നിലാപെയ്ത്ത് ടൂറിസം പദ്ധതിയുമായി ബന്ധപ്പെട്ട തുടർനടപടികൾ അറിയി

**1-26 പഞ്ചായത്ത് ഓഫീസിലേക്ക് പ്രൊജക്ടർ സ്റ്റാന്റ് വാങ്ങിയതിലെ അപാകം-5,000**

നിർവ്വഹണോദ്യോഗസ്ഥൻ – സെക്രട്ടറി

പ്രൊജക്റ്റ് നം. 150/25 - പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടർ സ്കാനർ പ്രൊജക്ടർ അനുബന്ധ വാങ്ങൽ

അടങ്കൽ – 1,55,647

